**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6516** **20-03-2023 - ൽ മറുപടിയ്ക്ക്**

**മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | **മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതിയുള്ള പ്രവർത്തന പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | (ബി) | **മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതിയുള്ള പ്രവർത്തന പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (സി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കുമോ; | (സി) | **മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതിയുള്ള പ്രവർത്തന പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ഡി) | പ്രസ്തുത പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) | **മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതിയുള്ള പ്രവർത്തന പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സ്റ്റേറ്റ് പ്ലാൻ ഒപ്റ്റിമൈസേഷൻ & ട്രാൻസ്മിഷൻ- 2017-18 ൽ ഉൾപ്പെടുത്തി വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി & കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കുവേണ്ടി മംഗലം ഡാം സ്രോതസ്സാക്കിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി 17.95 കോടി രൂപയുടെ ഭരണാനുമതിയും ഒന്നാംഘട്ടത്തിലെ മറ്റു ഘടകങ്ങൾക്കായി 2 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ഒന്നാംഘട്ട പ്രവൃത്തിയിലുൾപ്പെട്ട - 24.5 എം.എൽ.ഡി ജലശുദ്ധീകരണ ശാല, 24.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റും, ട്രാൻസ്ഫോർമറും വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി - പദ്ധതിയുടെ - 24.5 എം.എൽ.ഡി. ജലശുദ്ധീകരണശാല 80% പൂർത്തീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതോടൊപ്പം മംഗലം ഡാമിൽ നിർമ്മിക്കുന്ന 24.50 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ 80% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. സംഭരണിയുടെ കവർ സ്ലാബിന്റെ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

2 കോടി രൂപയുടെ ഭരണാനുമതിയിൽ ഡാമിനകത്ത് ഇൻടേക് ബ്രിഡ്ജിന്റ പ്രവൃത്തി ചെയ്യുന്നത് ജലസേചന വകുപ്പാണ് ജലസേചന വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് അനുസരിച്ച് വാട്ടർ അതോറിറ്റി കൈമാറിയ 58.50 ലക്ഷം രൂപ ഉപയോഗിച്ച് ബ്രിഡ്ജിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ ഈ പദ്ധതിയുടെ സ്രോതസ്സായ മംഗലം ഡാമിൽ നിന്ന് വെള്ളം ശുദ്ധീകരണശാലയിലേക്ക് പമ്പ് ചെയ്യാൻ സാധിക്കുകയുള്ളൂ. ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സ്ഥല നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ജലസേചനവകുപ്പ് പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി കേരള വാട്ടർ അതോറിറ്റിക്ക് ചെയ്യുവാനുള്ള അനുമതി നൽകുന്നതിനും ഇറിഗേഷൻ വകുപ്പിന് ഡെപോസിറ്റ് ചെയ്തിട്ടുള്ള 58.50 ലക്ഷം രൂപ തിരികെ നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് കേരള വാട്ടർ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടതിൻപ്രകാരം ജലസേചനവകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. അത് ഇതുവരെയും ലഭ്യമായിട്ടില്ല. ജലശുദ്ധീകരണ ശാലയിൽ സ്ഥാപിക്കുന്ന റോ വാട്ടർ പമ്പ് സെറ്റ്, പമ്പിംഗ് മെയിൻ എന്നിവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

രണ്ടാം ഘട്ടത്തിലായി കിഫ്ബി 2017-18 ലുൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കായി നാല് പാക്കേജുകളായി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് 69.54 കോടി രൂപയുടെ ഭരണാനുമതി നൽകി.

ആദ്യ പാക്കേജിൽ വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കായി വടക്കഞ്ചേരി കരിങ്കുന്നത്ത് 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ പ്രവൃത്തി 83% പൂർത്തീകരിച്ചിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ 14.50

കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 14.10 കി.മീ പൈപ്പ് സ്ഥാപിച്ചു കഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

രണ്ടാം പാക്കേജിൽ കരിങ്കുന്നത്തുള്ള ജല സംഭരണിയിൽ നിന്നും 167 കി.മി പൈപ്പ് ലൈൻ (വിതരണ ശൃംഖല) സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 110 കി.മീ പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞു. വടക്കഞ്ചേരി പഞ്ചായത്തിൽ ചീക്കോട് മുതൽ പന്നിയങ്കര ടോൾ പ്ളാസ വരെ **NHAI** യുടെ ഇരുവശങ്ങളിലുമായി 15 കി.മീ നീളത്തിലും വടക്കഞ്ചേരിയിൽ **NHAI** യ്ക്ക് കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കും **NHAI** ൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. കൂടാതെ വടക്കഞ്ചേരി പഞ്ചായത്തിലെ കോൺക്രീറ്റ് റോഡുകളിലും ഡി.എൽ.പി. പിരീഡ് കഴിയാത്ത പി.ഡബ്ല്യൂ.ഡി റോഡുകളിലും 16 കി.മീ ഓളം പൈപ്പ് ലൈൻ സ്ഥാപിക്കാൻ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. ഈ പാക്കേജിന്റെ 67% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

മൂന്നാമത്തെ പാക്കേജിൽ വണ്ടാഴി പഞ്ചായത്തിൽ 120 കി.മീ നീളത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 62 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. ഈ പ്രവൃത്തിയുലുൾപ്പെട്ട ജലസേചന കനാലിനു കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിർമ്മിക്കുന്ന പൈപ്പ് ക്യാരിയിങ്ങ് ബ്രിഡ്ജിനുള്ള അനുമതി ജലസേചന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. 50% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നാലാമത്തെ പാക്കേജിൽ കണ്ണമ്പ്ര പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മൂന്നു തവണ ടെണ്ടർ ക്ഷണിച്ചിട്ടും ആരും പങ്കെടുത്തില്ല.

ഈ പദ്ധതിയുടെ മൂന്നാംഘട്ടമായി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ വിതരണശൃംഖല സ്ഥാപിക്കുന്നതിനും 10055 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 53.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കിഴക്കഞ്ചേരി പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും - ഭരണാനുമതി തുക - 44.8 കോടി രൂപ (4000 കണക്ഷനുകൾ) ടെണ്ടർ നടപടി പൂർത്തീകരിച്ച് വരുന്നുണ്ട്.

2. വണ്ടാഴി പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും- ഭരണാനുമതി തുക - 8.8 കോടി രൂപ (6055 കണക്ഷനുകൾ) ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.
3. വടക്കഞ്ചേരി താഴ്ന്ന പ്രദേശങ്ങളിൽ വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ (6480) നൽകുന്ന പ്രവൃത്തിക്കായി ഭരണാനുമതി തുക - 15.61 കോടി പ്രവൃത്തി പുരോഗമിച്ച് വരുന്നു.

ഇതു കൂടാതെ 18/09/2021-ന് വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ ഉയരംകൂടിയ പ്രദേശങ്ങളിൽ ടാങ്കുകളും വിതരണ ശൃംഖലകളും ഉൾപ്പെടെ 8712 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി 103.16 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി യ്ക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

പഞ്ചായത്തുകളുടെ ഉയർന്ന പ്രദേശങ്ങളിൽ ഉന്നതതല ജലസംഭരണികൾ സ്ഥാപിച്ച് ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 20,000 ലിറ്റർ, 12 ലക്ഷം ലിറ്റർ വീതം സംഭരണ ശേഷിയുള്ള 2 ഉന്നതതല ജലസംഭരണികൾ, 2 ബൂസ്റ്റർ പമ്പ് ഹൗസുകൾ എന്നിവയക്കും കവളപ്പാറയിൽ 14 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയ്ക്കുമുള്ള സ്ഥലം സ്വകാര്യ വ്യക്തികളുടേതാണ്. അവ കിഴക്കഞ്ചേരി പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിയ്ക്ക് കൈമാറണമെന്ന് 28.12.2021 ൽ കൂടിയ യോഗത്തിൽ തീരുമാനമായതാണ്. ഇതിൽ 0.20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണിക്കും, ഒരു ബൂസ്റ്റർ പമ്പ് ഹൗസിനും ഒഴികെയുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളും കൈമാറുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും. മംഗലംഡാം കുടിവെള്ള പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും 2024 മാർച്ച് 31 ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.